കേരള സർക്കാർ

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 – പോലീസ് വകുപ്പ് - അഡിഷണൽ സ്പെഷ്യൽ അലവൻസിലെ സ്പെഷ്യൽ അലവൻസ് പുനർനാമകരണം ചെയ്യും ആർമറർ വിംഗിലെ, സിവിൽ പോലീസ് ഓഫീസർ തസ്തികയ്ക്ക് റേഷൻ മണി അലവൻസ് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(കൈ)നം.452/2017/(82)/ധന തീയതി, തിരുവനന്തപുരം, 17/10/2017.

---

പരാമർശം:- 1.26.02.2011 ലെ സ.ഉ.(പി) നം.85/2011/ധന

2.20.01.2016 ലെ സ.ഉ.(പി) നം.7/2016/ധന

3.സംസ്ഥാന പോലീസ് വകുപ്പ് മേധാവിയുടെ 16.03.2016 ലെ എസ്.7-17484/2014/പി എച്ച് ക്യൂ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 2 ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള സ്കെയിലുകൾ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പോലീസ് വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാർക്ക് അനുബന്ധം VIII ൽ സ്പെഷ്യൽ അലവൻസും അനുബന്ധം XIII ൽ അഡിഷണൽ സ്പെഷ്യൽ അലവൻസായി മറ്റ് പലതരം അലവൻസുകളും അനുവദിച്ചിട്ടുണ്ട്. അഡീഷണൽ സ്പെഷ്യൽ അലവൻസ് എന്ന ശീർഷകത്തിന് ചുവടെയും വിവിധതരം അലവൻസുകളിൽ ഒന്നായി 'സ്പെഷ്യൽ അലവൻസും' അനുവദിച്ചിട്ടുണ്ട്. എന്നാൽ പരാമർശം ഒന്ന് ഉത്തരവിൽ പ്രസ്തുത സ്പെഷ്യൽ അലവൻസ്, 'പോലീസ് സ്പെഷ്യൽ അലവൻസ്' എന്ന പേരിലാണ് അനുവദിച്ചിരുന്നതെന്നും ആയതിനാൽ പരാമർശം 2 ഉത്തരവിലെ അനുബന്ധം XIII ലെ സ്പെഷ്യൽ അലവൻസ്, 'പോലീസ് സ്പെഷ്യൽ അലവൻസ്' എന്നാക്കി മാറ്റണമെന്നും പരാമർശ കത്ത് പ്രകാരം സംസ്ഥാന പോലീസ് വകുപ്പ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പരാമർശം 2 ഉത്തരവ് പ്രകാരം 'അഡീഷണൽ സ്പെഷ്യൽ അലവൻസ്' എന്ന ശീർഷകത്തിന് ചുവടെയുള്ള 'റേഷൻ മണി അലവൻസ്', പോലീസ് വകുപ്പിലെ ആർമറർ വിംഗിലെ സിവിൽ പോലീസ് ഓഫിസർ തസ്തിക ഒഴിച്ച് സബ് ഇൻസ്പെക്ടർ, അഡീഷണൽ സബ് ഇൻസ്പെക്ടർ, സീനിയർ സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകൾക്ക് അനുവദിച്ചിട്ടുള്ളതായും ആർമറർ വിംഗിലെ സിവിൽ പോലീസ് ഓഫിസർ തസ്തികയ്ക്കും കൂടി പ്രസ്തുത അലവൻസ് അനുവദിക്കണമെന്നും സംസ്ഥാന പോലീസ് വകുപ്പ് മേധാവി അഭ്യർത്ഥിച്ചിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ചുവടെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

(i) പരാമർശം 2 സർക്കാർ ഉത്തരവിലെ അനുബന്ധം XIII ലെ അഡീഷണൽ സ്പെഷ്യൽ അലവൻസിന്റെ ഷെഡ്യൂളിൽ പോലീസ് വകുപ്പിന് ചുവടെയുള്ള 'സ്പെഷ്യൽ അലവൻസ്' എന്ന ഉപശീർഷകം' പോലീസ് സ്പെഷ്യൽ അലവൻസ് എന്ന് പുനർ നാമകരണം ചെയ്യുന്നു.

(ii) പോലീസ് സ്പെഷ്യൽ അലവൻസ് വാങ്ങുന്ന ജീവനക്കാർക്ക് പരാമർശം 2 ഉത്തരവിലെ അനുബന്ധം VIII പ്രകാരമുള്ള സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(iii) പോലീസ് വകുപ്പിലെ ആർമറർ വിംഗിലെ സിവിൽ പോലീസ് ഓഫീസർമാർക്ക് പ്രതിമാസം 250/- രൂപ നിരക്കിൽ റേഷൻ മണി അലവൻസ് അനുവദിക്കുന്നു.

3. ഈ ഉത്തരവിനു 01.09.2017 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജി. അശോക് കുമാർ**

ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള,
തിരുവനന്തപുരം
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ
സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ,
അണ്ടർ സെക്രട്ടറിമാർ
സംസ്ഥാന പോലീസ് വകുപ്പ് മേധാവി,തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-536357)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ